കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൊഴുതന ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)പി.1/606/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

കൽപ്പറ്റ, പിൻ-673121

ഫോൺ: 04936-203672

തീയതി :11.10.2017

ഡെപ്യൂട്ടി ഡയറക്ടർ
വയനാട് ജില്ല.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൊഴുതന ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : പൊഴുതന ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

0

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

പകർപ്പ് :-

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)പി.1/606/2017 തീയതി : 11.10.2017

വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.04.2016 മുതൽ 31.03.2017 തിയ്യതി വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയുംപരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്

യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ | ശ്രീമതി.വസന്ത. പി.എസ്.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.09.2017മുതൽ<br>20.09.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ശ്രീകുമാരി.റ്റി.<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ. നവാസ്. കെ.എം.<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ബിന്ദു. കെ.കെ<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. റ്റിജി വർഗ്ഗീസ്<br>ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എൻ.സി. പ്രസാദ് | 01.04.2016 മുതൽ<br>31.03.2017 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി. എ. ഇന്ദിര | 01.04.2016 മുതൽ<br>31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ശ്രീ. അപ്പച്ചൻ | 01.04.2016 മുതൽ<br>31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ശ്രീമതി. സന്ധ്യ കെ. എം. | 01.04.2016 മുതൽ<br>31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം ) | ശ്രീ. ജയിംസ് മങ്കുത്തേൽ | 01.04.2016 മുതൽ<br>31.03.2017 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. പ്രദീപൻ സി. പി. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | ഡോ. സുഷമ പി.എസ്. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ. സ്മിത | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. അഷിത എ. കെ. | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. സീന.കെ.എം | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ആരണ്യ. കെ | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ഫിലോമിന ജോസഫ് | 01.04 .2016 മുതൽ30.04.2016 വരെ |
| | ശ്രീമതി. ബാവ. സി.കെ. | 01.05.2016 മുതൽ 31.03.2017 വരെ |
| അസി .എഞ്ചിനീയർ | ശ്രീ. അബ്ദുൾ നാസർ.റ്റി | 01.04 .2016 മുതൽ 31.03.2017 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.ശ്യാമള | 01.04.2016 മുതൽ 31.03.2017 വരെ |
| വി ഇ ഒ | ശ്രീ. സജീന്ദ്ര കുമാർ .കെ | 01.04.2016 മുതൽ 31.03.2017 വരെ |
| ടി.ഇ.ഒ | ശ്രീ. ശ്രീനാഥ് | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം – 1<br>പൊതു അവലോകനം | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | പദ്ധതി അവലോകനം | 1-12 |
| | ഭാഗം – 2<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | വാർഷിക കണക്കുകളിലെ അപാകതകൾ | 2-1 |
| 14 | ഡി&ഒ ലൈസൻസ്- അപാകതകൾ | 2-2 |
| 15 | കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് | 2-3 |
| 16 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-4 |
| 17 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | 2-5 |
| 18 | ഭൂവികസന പെർമിറ്റിന് അപേക്ഷാ ഫീസും പെർമിറ്റ് ഫീസും ഈടാക്കാതെ പെർമിറ്റ് അനുവദിച്ചു | 2-6 |
| 19 | സാംഖ്യ രശീതി ഹാജരാക്കാത്തത് | 2-7 |
| 20 | ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 2-8 |

| | | |
|---|---|---|
| | | |
| ഭാഗം – 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 21 | ജീവനക്കാരുടെ ഇൻകം ടാക്സ് കണക്കാക്കിയതിലെ അപാകതകൾ | 3-1 |
| 22 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടിൽ പണം അവശേഷിക്കുന്നു | 3-2 |
| 23 | സമ്പൂർണ്ണഭവനപദ്ധതി – ലോൺ തിരിച്ചടവ് – പലിശ വികസനഫണ്ടിൽ നിന്നും തിരിച്ചടച്ചത് | 3-3 |
| 24 | കൺസോളിഡേഷൻ കുറവ് വരുത്താത്തതിനാൽ അധികച്ചെലവ് | 3-4 |
| 25 | അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ കുടിവെള്ളപദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിലെ അപാകങ്ങൾ | 3-5 |
| 26 | അസിസ്റ്റന്റ് എഞ്ചിനീയർ രേഖകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ | 3-6 |
| 27 | എസ് റ്റി വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനം – തുക ട്രഷറിയിൽ നിന്നും പിൻവലിച്ചു – പദ്ധതി നടപ്പിലാക്കിയിട്ടില്ല | 3-7 |
| 28 | വീട് റിപ്പയർ നാല് ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-8 |
| 29 | ഐ.എ.വൈ - പദ്ധതിക്കായി തുക ചെലവഴിച്ചു – വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 3-9 |
| 30 | ആയുർവേദ മരുന്ന് വാങ്ങൽ അപാകങ്ങൾ | 3-10 |
| 31 | ഹോംകോയിൽ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം | 3-11 |
| 32 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മരുന്ന് ലഭ്യമാക്കിയില്ല | 3-12 |
| 33 | പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിന് ഒരേ പദ്ധതിയിൽ രണ്ടു നിരക്കിൽ കടത്തുകൂലി നല്കി | 3-13 |
| 34 | പദ്ധതിയിൽ തുക വകയിരുത്താതെ കേന്ദ്ര വിഹിതം ചെലവഴിച്ചു | 3-14 |
| 35 | സമ്പൂർണ്ണ ഭവന പദ്ധതി - വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചില്ല | 3-15 |
| 36 | അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തം | 3-16 |
| ഭാഗം – 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 45 | സാക്ഷ്യപത്രം | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.03.2016 ലെ 24/2016-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 2,09,125,643/- രൂപയും, ചെലവ് 20,82,99,643/- രൂപയും, യഥാർത്ഥ വരവ് 81378231/- രൂപയും, യഥാർത്ഥ ചെലവ് 6,55,24,334/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 29.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,33,46,809/- |
| വരവ് | 6,80,31,422/- |
| ആകെ | 8,13,78,231/- |
| ചെലവ് | 6,55,24,334/- |
| നീക്കിയിരിപ്പ് | 1,58,53,897/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13193899 | 13193899 | 13193899 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2067027 | 2067027 | 2067027 | | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 6942160 | 6942160 | 6942160 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2772145 | 2772145 | 2772145 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1820257 | 1820257 | 1820257 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 2410134 | 2410134 | 2410134 | 0 | 100 |
| ലോകബാങ്ക് സഹായം | 0 | 5826639 | 5826639 | 5826639 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 203 | 11,97,00,398/- | 114 | 3,60,33,102/- | - | 89 | 56% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 11 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 2801050 | 3977428 | 1176378 | |
| നികുതിയേതര വരവുകൾ | 595124 | 1061250 | 466126 | |
| മറ്റ് വരവുകൾ<br>ജനറൽ പർപ്പസ് ഫണ്ട് | 5306367 | 6832218 | 1525851 | |
| സംസ്ഥാനാവിഷ്കൃതം | 1112763 | 1238605 | 125842 | |
| കേന്ദ്രാവിഷ്കൃതം | 1780924 | 1446695 | -334229 | |

| | | | | |
|---|---|---|---|---|
| ജലനിധി | 12708241 | 8578522 | -4129719 | |
| തൊഴിലുറപ്പ് പദ്ധതി | 34423756 | 42065886 | 7642130 | |
| ആകെ | 58728225 | 65200604 | 6472379 | 11 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 39 | 65,040 |
| കർഷകതൊഴിലാളി പെൻഷൻ | 205 | 18,33,570 |
| വിധവാപെൻഷൻ | 827 | 87,05,120 |
| വാർദ്ധക്യകാലപെൻഷൻ | 998 | 96,07,575 |
| വികലാംഗപെൻഷൻ | 193 | 17,43,945 |
| അവിവാഹിത പെൻഷൻ | 11 | 1,00,170 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 6 | 1,80,000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15/9/2017 അപരാഹ്നത്തിൽ മൂന്ന് മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,817/- രൂപ (ആയിരത്തി എണ്ണൂറ്റി പതിനേഴ് രൂപ മാത്രം ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട്ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. രജിസ്റ്ററുകൾ ശരിയായ രീതിയിൽ പരിപാലിച്ചിട്ടുണ്ടെങ്കിലും നികുതി പിരിവിൽ 100 ശതമാനം പുരോഗതി കൈവരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്ന് തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നില്ല. പൊഴുതന പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലോഡ്ജ് /റിസോട്ടുകളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നില്ല. വസ്തുനികുതി ഈടാക്കിയതിലും, ഭൂവികസനം, കെട്ടിട നിർമ്മാണം എന്നിവയ്ക്ക് പെർമിറ്റ് ഫീസ് ഈടാക്കിയതിലും ആപാകങ്ങളുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.08.2017 | ജൂലൈ 2017 | ഇല്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.11.2010 മുതൽ<br>20.11.2010 വരെ | 2005 - 06 മുതൽ<br>2009 – 10 വരെ | 11.01.2011 |

## 1-12 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്ത് തൻവർഷം 11,97,00,398/- രൂപ അടങ്കൽ തുകയായി 77സ്പിൽ ഓവർ പ്രോജക്ടുകൾ അടക്കം ആകെ 203 പ്രോജക്ടുകൾ നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ എല്ലാ പ്രോജക്ടുകളും നടപ്പിലാക്കിയില്ല. പൂർണ്ണമായി 114 പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. തൻവർഷം 3,60,33,102/-രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. അതായത് 30.1% മാത്രമാണ് തൻവർഷത്തെ ആകെ പദ്ധതി ചെലവ്.

പദ്ധതികൾ യഥാവിധം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിലെ വീഴ്ചകൾ കാരണം ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക നഷ്ടമായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഫണ്ട് ഇനം | അലോട്ട്മെന്റ് | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|---|
| 1 | വികസന ഫണ്ട് (പൊതു വിഭാഗം) | 1,37,25,360 | 1,31,93,899 | 5,31,461 |
| 2 | വികസന ഫണ്ട് (എസ്.സി.പി.) | 23,63,217 | 20,67,027 | 2,96,190 |
| 3 | വികസന ഫണ്ട് )(ടി.എസ്.പി.) | 86,82,111 | 69,42,160 | 17,39,951 |
| 4 | ധനകാര്യ കമ്മീഷൻ അവാർഡ് | 66,60,572 | 24,10,134 | 42,50,438 |
| 5 | ലോക ബാങ്ക് ധനസഹായം | 1,53,67,099 | 58,26,639 | 95,40,460 |
| 6 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 46,43,706 | 27,72,145 | 18,71,561 |
| 7 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 35,64,543 | 18,20,257 | 17,44,286 |
| 8 | KLSGDP | 90,59,448 | 0 | 90,59,448 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ പദ്ധതികൾ നടപ്പാക്കിയതിൽ ആസൂത്രണം ചെയ്ത പദ്ധതികൾ പൂർണ്ണമായി നടപ്പാക്കാൻ കഴിഞ്ഞില്ല. വിവിധ നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് ഇപ്രകാരമാണ്(വികസനഫണ്ട് +മെയിന്റനൻസ് ഫണ്ട്).

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥർ | പ്രൊജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 5 | 19,35,492 | 16,26,853 | 84.05 |

| | | | | | |
|---|---|---|---|---|---|
| 2 | വെറ്റിനറി സർജൻ | 7 | 36,60,000 | 14,94,836 | 40.84 |
| 3 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 6 | 5,93,210 | 5,68,710 | 95.87 |
| 4 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 50,000 | 50,000 | 100 |
| 5 | മെഡിക്കൽ ഓഫീസർ ആയുർവേദം | 5 | 13,34,100 | 13,33,600 | 99.96 |
| 6 | വി.ഇ.ഒ. | 8 | 4,49,00,000 | 14,15,000 | 3.15 |
| 7 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 7 | 56,36,118 | 54,63,018 | 96.93 |
| 8 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 8 | 27,61,938 | 27,04,252 | 97.91 |
| 9 | സെക്രട്ടറി | 24 | 73,62,927 | 69,20,646 | 93.99 |
| 10 | ഹെഡ് മാസ്റ്റർ | 3 | 5,24,000 | 407,973 | 77.86 |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ | 129 | 5,09,42,613 | 1,40,48,214 | 27.58 |
| ആകെ | | 203 | 11,97,00,398 | 3,60,33,102 | 30.10 |

മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിലും, നടപ്പാക്കുന്നതിലും പ്രകടമായ വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. പദ്ധതികൾ ആസൂത്രണംചെയ്യുന്നതിൽ ഏറ്റവും കൂടുതൽ പങ്ക് വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ വിളിച്ച് ചേർക്കുന്നതിലും, മിനുട്സുകൾ സൂക്ഷിക്കുന്നതിലും വീഴ്ച വന്നിട്ടുണ്ട്. തൻവർഷം വിളിച്ച് ചേർത്ത യോഗങ്ങളുടെ മിനുട്സുകൾ എഴുതി പൂർത്തീകരിച്ചിട്ടില്ല. മുൻവർഷത്തെ പദ്ധതികൾ അവലോകനം നടത്തുകയോ, പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്യുകയോ ചെയ്യുന്നില്ല.

തൻവർഷം മരാമത്ത് പ്രവൃത്തികളുടെ 129 പ്രോജക്ടുകളായിരുന്നു നിർവ്വഹണം നടത്താൻ ഉണ്ടായിരുന്നത്. പൊഴുതന ഗ്രാമപഞ്ചായത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെയും ഒരു ക്ലാർക്കിന്റെയും പോസ്റ്റ് ആണ് ഉള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് മറ്റ് രണ്ട് പഞ്ചായത്തുകളുടെയും ചാർജ്ജ് ഉണ്ടായിരുന്നു. വകയിരുത്തിയതിൽ 27.58% തുകയേ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ചെലവഴിക്കാൻ സാധിച്ചുള്ളൂ. മെറ്റീരിയൽസിന്റെ ലഭ്യതക്കുറവ് കാരണം കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാത്തതും, മറ്റ് പഞ്ചായത്തുകളുടെ അഡീഷണൽ ചാർജ്ജ് കാരണം കൂടുതൽ ശ്രദ്ധ നൽകാൻ കഴിയാത്തതും ആണ് പ്രവൃത്തികൾ പൂർത്തിയാക്കാത്തതിന് കാരണമെന്നാണ് എഞ്ചിനീയറിംഗ് വിഭാഗം അറിയിച്ചത്.

ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക നഷ്ടമായതിന്റെ ഉത്തരവാദിത്തം ഭരണസമിതിക്കാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന സേവനങ്ങളാണ് നഷ്ടപ്പെട്ടിരിക്കുന്നത്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാർഷിക കണക്കുകളിലെ അപാകതകൾ

പൊഴുതന ഗ്രാമ പഞ്ചായത്ത് വാർഷിക കണക്ക് 2016-17 പരിശോധന കുറിപ്പ്

1) ബജറ്റ് ഫംഗ്ഷൻ – ഫംഗ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

2)ബജറ്റിൽ ഉൾപ്പെടുത്താത്ത ചെലവ് ചെയ്തിട്ടുണ്ട്.

ഉദാ. അസാധരണ ചെലവ് ഇനം

3)പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

4)സാംഖ്യ ആരംഭിച്ച വർഷത്തിൽ ഓപ്പണിംഗ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്താത്ത മുഴുവൻ ആസ്തി ബാധ്യതകളും തുടർ വർഷങ്ങളിൽ സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

5)വസ്തുനികുതി അധികമായി പിരിച്ചെടുത്തത് തുടർവർഷങ്ങളിൽ ക്രമീകരിക്കുന്നതിനായി സഞ്ചയ-സാംഖ്യ ഇൻസ്റ്റലേഷൻ പൂർത്തിയായിട്ടില്ല.

6)നിർവഹണ ഉദ്യോഗസ്ഥരുടെ ബ്രിഡ്ജ് അക്കൗണ്ടുകളിൽ വിതരണം ചെയ്യാത്ത തുക അവശേഷിക്കുന്നു. മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഡി&ഒ ലൈസൻസ്- അപാകതകൾ

2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഡി&ഒ ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ താഴെ കൊടുക്കുന്നു.

1. പഞ്ചായത്ത് പരിധിയിൽ 3 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. അവയ്ക്ക് ലൈസൻസ് നൽകിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
2. ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃതമായി റോപ്പ് വേ പ്രവർത്തിക്കുന്നതായും അത് നിർത്തലാക്കാൻ B5-4196/17 dtd 1/6/2017തിയ്യതിയിൽ സ്റ്റോപ്പ് മെമ്മോ കൊടുത്തതായും ഓഡിറ്റ് എൻക്വയറി നമ്പർ-11/16-17/15/09/2017 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. അനധികൃതമായി പ്രവർത്തിക്കുന്ന റോപ്പ് വേക്കെതിരെ സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്

താഴെ പറയുന്ന വ്യക്തികളിൽ നിന്ന് കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

1.

| പേര് | കെട്ടിടത്തിന്റ തരം | അളവ് | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| ആമിന<br>A3 2537 | പാർപ്പിടം, വാണിജ്യം | 149.30m2 | 747 | 570<br>(11601100528 dtd.24/05/16) | 177 |
| ജാബിറലി<br>6918/16 | വാണിജ്യം | 809.73 | 4049 | 2794 | 1,255 |
| ആകെ | | | | | 1432/- |

2. ഗ്ലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ്

| പേര് | കെട്ടിടത്തിന്റ തരം | അളവ് | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| മുഹമ്മദ് ഇക്ബാൽ<br>4589/16 | പാർപ്പിടം | 153.13m$^2$ | 919/- | 766/-<br>(11601100912 dtd.27/07/2016) | 153 |

പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവുവന്ന 1585/- രൂപ (1432+153) ഉത്തരവാദിയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കിയില്ല

വില്ലേജ് ഓഫീസ് പൊഴുതന, അച്ചൂരാനം എന്നിവിടങ്ങളിൽ നിന്ന് പാർട്ടൈം സ്വീപ്പറുടെ തൊഴിൽനികുതി ഈടാക്കുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്ന് തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലോഡ്ജ്/റിസോട്ടുകളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി അടയ്ക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി ഈടാക്കിയതിൽ കുറവ്

2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി അപേക്ഷകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ താഴെ കൊടുക്കുന്നു.

1.പൊഴുതന പഞ്ചായത്തിലെ 10-ാം വാർഡിൽ അച്ചൂരാനം വില്ലേജിൽ റീ സർവേ നം. 196/8 ൽ പെട്ട ശ്രീ.ആരിഫ്, ബഷീർ, കരിയാട്ടുപൊയിൽ, 12-ാം പാലം എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 10 യൂണിറ്റിലുകളായി(2 നിലകൾ) പണിത വാണിജ്യ കെട്ടിടത്തിന് 2016-2017 ൽ X/303 A,X/303B,X/303C,X /303D,X/303E, X/303F, X/303G, X/303H, X/303J, X/303K കെട്ടിട നം നൽകിയിട്ടുണ്ട്. ആയതിന്റെ നികുതി നിർണ്ണയിച്ചതിൽ കുറവ് വന്നിട്ടുണ്ട് .

കെട്ടിടം സ്ഥിതി ചെയ്യുന്നത് പ്രഥമ മേഖലയിലായതിനാൽ ഇളവുകളൊന്നും ബാധകമല്ല. കെട്ടിടത്തിന്റെ സമീപത്തുള്ള റോഡ് 5 മീറ്ററിലധികം വീതിയുള്ള വൈത്തിരി-തരുവണ റോഡാണ് (2011 -ലെ വസ്തുനികുതിയും സർചാർജ്ജ് ചട്ടങ്ങളിലെ പട്ടിക 2 പ്രകാരംഅടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവ്). പഞ്ചായത്തിൽ നിലവിലെ വസ്തുനികുതി നിരക്കുകൾ പ്രകാരം 100 ച.മീറ്ററിൽ കൂടുതലുള്ള ഹോട്ടൽ,റെസ്റ്റോറന്റുകൾ,ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് ഒരു ചതുരശ്ര മീറ്ററിന് 70/- രൂപയാണ്. എന്നാൽ ഒരു ചതുരശ്ര മീറ്ററിന് 50/- രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചത്. കെട്ടിട പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| താഴത്തെ നില | | | | |
|---|---|---|---|---|
| കെട്ടിട നം. | വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തുനികുതി | യഥാർത്ഥവസ്തുനികുതി(പ്ലിന്റ്ഏരിയ*70+ വർദ്ധനവ് 20% + 5% ലൈബ്രറി സെസ്) | വ്യത്യാസം |
| X/303Aമുതൽ X/303E വരെ | 103.34 | 6513 | 9115 | 2602 |
| ഒന്നാം നില | | | | |
| X/303FXമുതൽ X/303K വരെ | 129.19 | 7740 | 10920 | 3180 |

വസ്തുനികുതി നിർണ്ണയിച്ചതിൽ 5782/- രൂപയുടെ കുറവ് വന്നിട്ടുണ്ട്.

2. 12-ാം വാർഡിൽ അച്ചൂരാനം വില്ലേജിൽ റീ സർവേ നം. 168/19ൽ പെട്ട ശ്രീ.കോയ മുരിങ്ങത്തോടൻ എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 5 യൂണിറ്റിലുകളായി പണിത വാണിജ്യ കെട്ടിടത്തിന് 2016-2017 ൽ 184A മുതൽ 184 E വരെ കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. ആയതിന്റെ നികുതി നിർണ്ണയിച്ചതിൽ കുറവ് വന്നിട്ടുണ്ട്

.

കെട്ടിടം സ്ഥിതി ചെയ്യുന്നത് ദ്വിതീയ മേഖലയിലായതിനാൽ 10% ഇളവും കെട്ടിടത്തിന്റെ സമീപത്തുള്ള റോഡ് 5 മീറ്ററിലധികം വീതിയുള്ള ആറാം മൈൽ മേൽമുറി റോഡാണ് (2011 -ലെ വസ്തുനികുതിയും സർചാർജ്ജ് ചട്ടങ്ങളിലെ പട്ടിക 2 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ്). പഞ്ചായത്തിൽ നിലവിലെ വസ്തുനികുതി നിരക്കുകൾ പ്രകാരം 100 ച.മീറ്ററിൽ കൂടുതലുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് ഒരു ചതുരശ്രമീറ്ററിന് 70/- രൂപയാണ്. എന്നാൽ ഒരു ചതുരശ്രമീറ്ററിന് 50/- രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചത്. കെട്ടിട പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| താഴത്തെ നില | | | | |
|---|---|---|---|---|
| കെട്ടിട നം. | വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തുനികുതി | യഥാർത്ഥവസ്തുനികുതി (പ്ലിന്റ്ഏരിയ* 70-10% ഇളവ് + വർദ്ധനവ് 20%+5% ലൈബ്രറി സെസ്) | വ്യത്യാസം |
| 184Aമുതൽ 184Eവരെ | 111.52 | 6445 | 9015 | 2570 |

വസ്തുനികുതി നിർണ്ണയിച്ചതിൽ 2,570/- രൂപയുടെ കുറവ് വന്നിട്ടുണ്ട്. മേൽപ്പറഞ്ഞ വ്യക്തികളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച്, നികുതി നിർണ്ണയത്തിൽ ഉണ്ടായ കുറവ് ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ട താണ്. ഇത്തരത്തിൽ മിക്ക കെട്ടിടത്തിനും വസ്തുനികുതി ഈടാക്കുന്നതിൽ കുറവ് വന്നിട്ടുണ്ടാവാം. ഇക്കാര്യത്തിലേയ്ക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. തുടരന്വേഷണത്തിലൂടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

## 2-6 ഭൂവികസന പെർമിറ്റിന് അപേക്ഷാ ഫീസും പെർമിറ്റ് ഫീസും ഈടാക്കാതെ പെർമിറ്റ് അനുവദിച്ചു

കേരളാ വസ്തുനികുതി ചട്ടങ്ങൾ 11 (3)പട്ടിക 2 പ്രകാരം 1 ആറിന് ഗ്രേഡ് II പഞ്ചായത്തിൽ 250/- രൂപ എന്ന കണക്കിന് ഭൂവികസന പെർമിറ്റ് ഈടാക്കേണ്ടതാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ വൈത്തിരി താലൂക്കിൽ അച്ചൂരാനം വില്ലേജിൽ അപേക്ഷാ ഫീസോ പെർമിറ്റ് ഫീസോ ഈടാക്കാതെയാണ് ഭൂവികസന പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. അപേക്ഷകൻ ഭൂവികസന പെർമിറ്റിന് അപേക്ഷിച്ചപ്പോൾ പ്ലാനിൽ ആവശ്യപ്പെട്ടതിലധികം സ്ഥലത്തിന് സെക്രട്ടറി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. കൂടാതെ 13/12/2016 തിയ്യതിയിൽ A3-10413/16 നമ്പർ ഭൂവികസനാനുമതി ശ്രീമതി. ലൈല. ബി, ശ്രീമതി.കെ.പി ജമീല എന്നീ രണ്ടു ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഭൂവികസനാനുമതി നൽകിയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പെർമിറ്റ് നം. | പേര് | സർവേ നം. | സ്ഥലത്തിന്റെ വിസ്തീർണ്ണം | ചട്ടപ്രകാരം ഈടാക്കേണ്ട ഫീസ് |
|---|---|---|---|---|---|
| 1 | A3-9178/16 dtd.29/11/16 | നൗഷാദ് കോപ്പിലാക്കൽ | 353/13 | 0.0405 HR | 1,012/- |
| 2 | A3-9180/16 dtd. 29/11/16 | ഹംസ കളത്തിങ്കൽ | 93/14 | 0.2023HR | 5,058/- |
| 3 | A3- 10413/16 Dtd.13/12/16 | ജമീല തവയിൽ | 180/39 | 0.3239HR | 8,097/- |

| | | | | | |
|---|---|---|---|---|---|
| 4 | A3-10413/16 dtd.13/12/16 | ലൈല ബി | 353/1 | 0.0243HR | 607/- |
| 5 | A3-10424/16 dtd.8/12/16 | കുഞ്ഞാമു പടിപ്പുര | 168/8 | 0.2940HR | 7,370/- |
| 6 | A3-1376/17 dtd.15/03/17 | മോഹനൻ കോതോലിൽ | 360/1 | 0.0405HR | 1,012/- |
| 7 | A3-2459/17 dtd.20/4/17 | എൻ.കെഅബ്ദുള്ള നായേരികോമത്ത് | 109/10 | 0.2023HR | 5,057/- |
| 8 | A3-11000/16 Dtd.31/12/16 | മുഹമ്മദ് ചെമ്പൻ | 153/1 | 0.3682HR | 9,205/- |
| 9 | A3-11038/16 dtd.31.12.2016 | നബീസ | 126/3, 123/6 | .0810,.0606hr | 3,540/- |
| 10 | A3 10846/16 Dtd.21/12/16 | അബ്ദുൾ സമദ് | 180/15 | 0.0400 | 1,000/- |
| 11 | A3 6855/16 dtd.18/09/16 | പുതുക്കുടി കുനിയാരത്ത് മുനീർ | 334/8 | .2345hr | 5,862/- |
| 12 | A3 5330/16 | സെയ്തലവി നമ്പിയോടൻ | 130/9 | .0405HR | 1,012/- |
| | ആകെ | | | | 48,832/- |

അപേക്ഷാ ഫീസ്-12x20 =240/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ഭൂവികസന പെർമിറ്റിൽ സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണവും നീക്കം ചെയ്യാനുള്ള മണ്ണിന്റെ അളവ് ക്യൂബിക് മീറ്ററിലും രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. മറുപടി തൃപ്തികരമല്ല. കേരളാ വസ്തുനികുതി ചട്ടങ്ങൾ 11(3)പട്ടിക 2 പ്രകാരം മണ്ണ് നീക്കം ചെയ്ത അളവിനനുസരിച്ചല്ല ഭൂവികസന പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്.

ഭൂവികസനാനുമതിക്കുള്ള അപേക്ഷയോടൊപ്പമുള്ള പ്ലാനിൽ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള സ്ഥലത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഈടാക്കേണ്ട പെർമിറ്റ് ഫീസ് താഴെ കൊടുക്കുന്നു.

| ക്രമ നം. | പെർമിറ്റ് നം. | പേര് | സർവേ നം. | സ്ഥലത്തിന്റെ വിസ്തീർണ്ണം (ആർ) | ചട്ടപ്രകാരം ഈടാക്കേണ്ട ഫീസ് |
|---|---|---|---|---|---|
| 1 | A3-9178/16 dtd.29/11/16 | നൗഷാദ് കോപ്പിലാക്കൽ | 353/13 | 1.19 | 297.5/- |

| | | | | | |
|---|---|---|---|---|---|
| 2 | A3-9180/16 dtd. 29/11/16 | ഹംസ കളത്തിങ്കൽ | 93/14 | 2.43 | 607.5/- |
| 3 | A3- 10413/16 Dtd.13/12/16 | ജമീല തവയിൽ | 180/39 | 0.49 | 122.5/- |
| 4 | A3-10413/16 dtd.13/12/16 | ലൈല ബി | 353/1 | 1.89 | 472.5/- |
| 5 | A3-10424/16 dtd.8/12/16 | കുഞ്ഞാമു പടിപ്പുര | 168/8 | 1.22 | 305/- |
| 6 | A3-1376/17 dtd.15/03/17 | മോഹനൻ കോതോലിൽ | 360/1 | .55 | 137.5/- |
| 7 | A3-2459/17 dtd.20/4/17 | എൻ.കെഅബ്ദുള്ള നായേരികോമത്ത് | 109/10 | 4.97 | 1242.5/- |
| 8 | A3-11000/16 Dtd.31/12/16 | മുഹമ്മദ് ചെമ്പൻ | 153/1 | .41 | 102.5/- |
| 9 | A3-11038/16 dtd.31.12.2016 | നബീസ | 126/3, 123/6 | 1.4 | 350/- |
| 10 | A3 10846/16 Dtd.21/12/16 | അബ്ദുൾ സമദ് | 180/15 | .68 | 170/- |
| 11 | A3 6855/16 dtd.18/09/16 | പുതുക്കടി കുനിയാരത്ത് മുനീർ | 334/8 | 1.36 | 340/- |
| 12 | A3 5330/16 | സെയ്തലവി നമ്പിയോടൻ | 130/9 | 4.06 | 1,015/- |
| | ആകെ | | | | 5163/- |

മേൽപ്പറഞ്ഞ സർവേ നമ്പറുകളിലുള്ള ഭൂമികളിൽ ഭൂവികസനം നടത്തിയത് ഭൂവികസന പെർമിറ്റിന്റെ അടിസ്ഥാനത്തിലാണോ പെർമിറ്റിനുവേണ്ടിയുള്ള പ്ലാനിന്റെ അടിസ്ഥാനത്തിലാണോ എന്ന് അന്വേഷിച്ച് ഓഡിറ്റിന് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. 5403/- രൂപ (5163+12x20) (5163+12 പേരുടെ അപേക്ഷാ ഫീസ് 20/- രൂപ നിരക്കിൽ) ഉത്തരവാദിയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 സാംഖ്യ രശീതി ഹാജരാക്കാത്തത്

2016-17 സാമ്പത്തികവർഷത്തെ ഓഡിറ്റിനുവേണ്ടി സാംഖ്യ രശീതി നം. 0834159, 0834160, 0834811, 0835827, 0835887, 0835888 എന്നിവ ഹാജരാക്കിയിട്ടില്ല. സാംഖ്യ രശീതി ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/16-17/13-09-2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

രശീതുകൾ പണത്തിന് തുല്യമായ രേഖയായതിനാൽ രശീതുകളുടെ സൂക്ഷിപ്പും കൈമാറ്റവും കാര്യക്ഷമമായി നിർവ്വഹിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണം നടത്തി പഞ്ചായത്തിന്

ധനനഷ്ടമുണ്ടായിട്ടില്ല എന്നുറപ്പാക്കേണ്ടതാണ്.

## 2-8 ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില 94,780/-രൂപ വയനാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക പൊഴുതന ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതിന്റെ വിശദ വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് 19.9.17 ൽ നല്കിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 19) ടെണ്ടർ ഫോറവില വയനാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ തന്നെയാണുള്ളതെന്നും ടി തുക പൊഴുതന ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജീവനക്കാരുടെ ഇൻകം ടാക്സ് കണക്കാക്കിയതിലെ അപാകതകൾ

2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് ഓഫീസിലെ ജീവനക്കാരുടെ ഇൻകം ടാക്സ് കണക്കാക്കിയതിൽ അപാകതയുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ലഭിച്ച ക്ഷാമബത്ത ആകെ വരുമാനത്തിൽ ചേർത്തിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തിൽ ഓരോ ജീവനക്കാരനും ലഭിച്ച ക്ഷാമബത്ത ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | C P pradeepan secretary | DA arrear Rs 17899<br>pay arrear Rs 5991 |
| 2 | Prabha, clerk | DA arrear Rs 7946 |
| 3 | Sajan, OA | DA arrear Rs 11128 |
| 4 | Sarala, sr.clerk | DA arrear Rs 3057 |
| 5 | Jisha, clerk | DA arrear Rs 1771 |
| 6 | Sajin, clerk | DA arrear Rs 2376 |
| 7 | Nandakumar , OA | DA arrear Rs 2019 |
| 8 | Biju accountant | DA arrear Rs 1626 |

ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-2 നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടിൽ പണം അവശേഷിക്കുന്നു.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടുകളിൽ പണം അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| Sl No. | Implementing officer | Bank account no, name of bank | Date | Balance amount |
|---|---|---|---|---|
| 1 | Medical officer phc | 0358101073311, canara bank, vythiri | 19.5.17 | 749 |
| 2 | VEO | 40229110100016 KGB | 30.3.17<br>20.7.17 | 290499<br>55499 |
| 3 | TEO | 0358101073212, canara bank | 31.3.17<br>18.8.17 | 2581283<br>886111 |
| 4 | Agriculture officer | 40229100106020, KGB | 30.3.17<br>31.5.17 | 1024403<br>8662 |
| 5 | Veterinary surgeon | 0358101073060, KGB | 17.6.17 | 15623 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൌണ്ടിൽ അവശേഷിക്കുന്ന ചെലവഴിക്കാത്ത തുക തിരിച്ചടക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-3 സമ്പൂർണ്ണഭവനപദ്ധതി - ലോൺ തിരിച്ചടവ് -പലിശ വികസനഫണ്ടിൽ നിന്നും തിരിച്ചടച്ചത്

2008-09 സാമ്പത്തിക വർഷം സമ്പൂർണ്ണ ഭവനപദ്ധതിക്ക് വേണ്ടി ലോൺ എടുത്തതിൽ, 2016-17 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന തുകകൾ തിരിച്ചടച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 80/17 |
| സമ്പൂർണ്ണ ഭവനപദ്ധതി | ലോൺ തിരിച്ചടവ് |
| ചെലവഴിച്ച തുക | 20,09,259/- ട്രഷറി ബിൽ നമ്പർ - 8/22.9.16 |
| | 17,05,809/- ട്രഷറി ബിൽ നമ്പർ - 19/14.2.17 |

2016-17 വർഷം മേൽതുകകൾ അടച്ചതിൽ 9,83,068/- രൂപ പലിശയാണ്. ലോൺ ഫയൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 8തീയതി 26.7.17പ്രകാരം രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ പലിശ തനതുഫണ്ടിൽ നിന്നും മുതൽ വികസനഫണ്ടിൽ നിന്നുമാണ് അടക്കേണ്ടത് എന്നും ഫയൽ ഹാജരാക്കുന്നതുമാണ് എന്നും അറിയിച്ചിട്ടുണ്ട്. അടച്ചതുക ക്രമീകരിക്കേണ്ടതാണ്.

## 3-4 കൺസോളിഡേഷൻ കുറവ് വരുത്താത്തതിനാൽ അധികച്ചെലവ്.

ഓഡിറ്റ് വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ കൺസോളിഡേഷൻ കുറവ് വരുത്തുന്നതിൽ അപാകങ്ങൾ വന്നിട്ടുണ്ട്. കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ വോള്യം 1 സെക്ഷൻ 4.5 (ബി)(വി)(ഐ)പ്രകാരം കൺസോളിഡേഷ നായി 20% കുറവ് ചെയ്യേണ്ടതാണ്. എന്നാൽ കൺസോളിഡേഷൻ കുറവ് വരുത്തിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | 35/17 |

| | |
|---|---|
| പ്രോജക്ട് | മരവയൽ എസ്.ടി.കോളനി സൈഡ് സംരക്ഷണം |
| നിർവഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഫണ്ട് | വികസനഫണ്ട് |
| അളവുപുസ്തകം | 10/16-17 |
| കൺവീനർ | ശ്രീ. രാധ |
| വൗച്ചർ നം. | 7/12/29.12.16 |
| അടങ്കൽ | 1,00,000/- |

ഈ വർക്കിൽ ഒന്നാമത്തെയിനമായി 6.72 ഘനമീറ്റർ മണ്ണ് കിളച്ചെടുത്തിട്ടുണ്ട്. കിളച്ചെടുത്ത മണ്ണ് ഉപയോഗയോഗ്യമല്ലെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റിലെ ആറാമത്തെയിനമായി 52.92 ഘനമീറ്റർ മണ്ണ് നിറക്കുകയും നിറച്ച മണ്ണിന് ഘന മീറ്ററിന് 235.54 രൂപനിരക്കിൽ 12464.77 രൂപ അനുവദിക്കുകയും ചെയ്തു. കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ വോള്യം 1 സെക്ഷൻ 4.5 (ബി)(വി)(ഐ)പ്രകാരം കൺസോളിഡേഷനായി 20% കുറവ് വരുത്താത്തതിനാൽ 2,492/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട് (10.58 X 235.54 )

| | |
|---|---|
| പ്രോജക്ട് നമ്പർ | 27/17 |
| പ്രോജക്ട് | കിണ്ടിയോട്ട് റോഡ് സൈഡ് സംരക്ഷണം |
| നിർവഹണം | അസി. എഞ്ചിനീയർ |
| ഫണ്ട് | വികസനഫണ്ട്. |
| അളവുപുസ്തകം | 121/15-16 |
| കൺവീനർ | ശ്രീ. കെ.പി.രാജൻ |
| വൗച്ചർ നം. | 121/15-16/31.3.16 – 233362 |
| അടങ്കൽ | 3,00,000/- |

ഈ പ്രവൃത്തിക്ക് രണ്ട് പ്രാവശ്യം ആണ് അളവുപുസ്തകത്തിൽ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. ഒന്നാം പാർട്ട് ബിൽ ഒന്നാമത്തെയിനമായി 22.3ഘന മീറ്റർ മണ്ണ് കിളച്ചെടുത്തിട്ടുണ്ട്. എസ്റ്റിമേറ്റിലെ അഞ്ചാമത്തെയിനമായി 262.5 ഘന മീറ്റർ മണ്ണ് നിറച്ചു. കിളച്ചെടുത്ത മണ്ണ് കുറച്ച് 240.2 ഘന മീറ്റർ മണ്ണിന് ഘന മീറ്ററിന് 235.54 രൂപനിരക്കിൽ 56576.7 രൂപ അനുവദിച്ചു. കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ വോള്യം 1 സെക്ഷൻ 4.5 (ബി)(വി)(ഐ)പ്രകാരം കൺസോളിഡേഷൻ 20% കുറവ് വരുത്താത്തതിനാൽ 11315രൂപയുടെ അധികച്ചെലവ് പാർട്ട് ബിൽ നൽകിയപ്പോൾ ഉണ്ടായിട്ടുണ്ട് (48.04 X 235.54 ).

ഫൈനൽ അളവുകൾ എടുത്തപ്പോൾ ഒന്നാമത്തെയിനമായി 5.11ഘന മീറ്റർ മണ്ണ് കിളച്ചെടുത്തിട്ടുണ്ട്. എസ്റ്റിമേറ്റിലെ അഞ്ചാമത്തെയിനമായി 54.53 ഘന മീറ്റർ മണ്ണ് നിറച്ചു. 54.53 ഘന മീറ്റർ മണ്ണിന് 1 ഘന മീറ്ററിന് 235.54 രൂപ നിരക്കിൽ 12,844/- രൂപ അനുവദിച്ചു. കിളച്ചെടുത്ത മണ്ണ് ഫൈനൽ അളവിൽ കുറച്ചിട്ടില്ല. കൂടാതെ കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ വോള്യം 1 സെക്ഷൻ 4.5 (ബി)(വി)(ഐ)പ്രകാരം കൺസോളിഡേഷൻ 20% ഉം കുറവ് വരുത്തിയിട്ടില്ല. ആകെ 377/-1 [(5.11 X 235.54 )+ (10.9 X 235.34)] രൂപയുടെ അധികച്ചെലവ് ഫൈനൽ ബിൽ നൽകിയപ്പോൾ ഉണ്ടായിട്ടുണ്ട്. ആകെ ഈ പ്രവൃത്തിക്ക് അധികം നൽകിയ തുക 15,086/- രൂപ. ഓഡിറ്റ് എൻക്വയറി - 17/16-17 /18.9.2017 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയിന് മറുപടി നൽകിയതിൽ കൺസോളിഡേഷൻ നടന്നതിന് ശേഷമാണ് അളവ് രേഖപ്പെടുത്തിയത് എന്നാണറിയിച്ചത്. ഈ മറുപടി അംഗീകരിക്കാനാവില്ല. 17578 (2492 + 15086) രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-5 അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ കുടിവെള്ളപദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 68/17 |
| പ്രോജക്ട് | ആലക്കണ്ടി കോളനി കുടിവെള്ള പദ്ധതി |

| | |
|---|---|
| വൗച്ചർ നമ്പർ | 1/2/9.2.17-275082 |
| ഫണ്ട് | വികസനഫണ്ട് -ടി.എസ്.പി |
| അടങ്കൽ | 2,80,000/- |
| ചെലവഴിച്ച തുക | 2,75,082/- |
| നിർവഹണം | അസി.എഞ്ചിനീയർ |

പൈപ്പ് ലൈൻ നീട്ടൽ, ടാങ്ക് സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങൾ മാത്രമാണ് ഇപ്പോൾ നടപ്പാക്കിയത്. ഈ കടിവെള്ള പദ്ധതി ആരുടെ ഉടമസ്ഥതയിൽ ഉള്ളതാണ് എന്ന വിവരം ഫയലിൽ ഇല്ല. മുമ്പ് പദ്ധതി ആരാണ് നടപ്പാക്കിയതെന്നും ഇപ്പോൾ നടപ്പാക്കിയ പ്രവർത്തനങ്ങൾ മുമ്പ് നടപ്പാക്കിയിരുന്നില്ലേ എന്ന വിവരങ്ങളും, പദ്ധതിയുടെ പ്രവർത്തനക്ഷമത സംബന്ധിച്ച വിവരങ്ങളും ഉടമസ്ഥത സംബന്ധിച്ച വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 20/19.09.2017 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല. 2,75,082/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 അസിസ്റ്റന്റ് എഞ്ചിനീയർ രേഖകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

1.ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ 2.8.2006 ലെ 173/2006 നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. അതിനുശേഷം പഞ്ചായത്ത് ആർജ്ജിച്ച/സമാഹരിച്ച ആസ്തികളുടെ വിവരങ്ങൾ ചേർത്ത് ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

2.ടെണ്ടർ ഫോറങ്ങൾ ക്വോട്ട് ചെയ്ത നിരക്ക് രേഖപ്പെടുത്തി നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3.കുടിവെള്ളപദ്ധതികളുടെ ഉടമസ്ഥത/കൈമാറികിട്ടിയവിവരങ്ങൾ/ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റ വിവരങ്ങൾ എന്നിവ സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-7 എസ് റ്റി വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനം-തുക ട്രഷറിയിൽ നിന്നും പിൻവലിച്ചു - പദ്ധതി നടപ്പിലാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണം | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നം. | 181/2017 |
| അടങ്കൽ | 6,98,084/- രൂപ |
| ചെലവ് | 6,47,161/- രൂപ |
| ബിൽ നം | 9/16-17/30.3.17 |

ഹാജരാക്കിയ രേഖകൾ പ്രകാരം ചെലവ് താഴെപ്പറയുന്ന വിധമാണ്.

| ക്രമ നം. | ഇനം | തുക | തുക കൈപ്പറ്റിയ ആൾ |
|---|---|---|---|
| 1 | ബാഗ്,കുട,വസ്ത്ര നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ | 561911 | ഗോപിക ടെക്സ്റ്റയിൽസ് പനമരം |

| | | | |
|---|---|---|---|
| 2 | ബാഗ് നിർമ്മാണ പരിശീലകനുള്ള തുക പ്രതിദിനം 1100 രൂപ വീതം 25 ദിവസം | 27500 | ശ്രീ.പി സി മാത്യു |
| 3 | കുട നിർമ്മാണ പരിശീലകനുള്ള തുക പ്രതിദിനം 750 രൂപ വീതം 25 ദിവസം | 18750 | കെ.എസ്. എബ്രഹാം |
| 4 | വസ്ത്ര നിർമ്മാണ പരിശീലകനുള്ള തുക പ്രതിദിനം 750 രൂപ വീതം 26 ദിവസം | 19500 | ശ്രീമതി.ഷിൽജ |
| 5 | വസ്ത്ര നിർമ്മാണ പരിശീലകനുള്ള തുക പ്രതിദിനം 750 രൂപ വീതം 26 ദിവസം | 19500 | ശ്രീമതി.രാധ. ഒ.വി |

നാളിതുവരെ പരിശീലനം നൽകിയിട്ടില്ല. സ്വയംതൊഴിൽ സംരഭം തുടങ്ങിയിട്ടില്ല. 6,47,161/- രൂപ ചെലവഴിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 വീട് റിപ്പയർ നാല് ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണം | ട്രൈബൽ എസ്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നം | 147/2017 |
| അടങ്കൽ | 12,00,000/- |
| ചെലവ് | 12,00,000/- (bill no 1/16-17 dtd 21.2.17) |

40 ഗുണഭോക്താക്കൾക്കായി 30,000/- രൂപ വീതം 12,00,000/- രൂപ പിൻവലിച്ചു. ആയതിൽ ശങ്കരൻ, നിഷാന്ത്, വെള്ളക്ക, പുഷ്പ എന്നിവർ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. 12,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 ഐ.എ.വൈ - പദ്ധതിക്കായി തുക ചെലവഴിച്ചു-വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

2016-17 വർഷത്തിൽ പി.എം.എ.വൈ പഞ്ചായത്ത് വിഹിതമായി ബ്ലോക്ക്പഞ്ചായത്തിന് താഴെപ്പറയുന്ന പ്രകാരം തുക നല്കിയിട്ടുണ്ട്.

| ട്രഷറി ബിൽ നമ്പർ | തീയതി | തുക | പ്രോജക്ട് നമ്പർ | പ്രോജക്ട് |
|---|---|---|---|---|
| 18/16-17 | 14.2.17 | 500000 | 142/17 | പി.ഐ.എ.വൈ,ടി.എസ്.പി |
| 17/16-17 | 14.2.17 | 240000 | 16/17 | പി.ഐ.എ.വൈ, എസ്.സി |
| 49/16-17 | 28.3.17 | 60000 | 173/17 | പി.ഐ.എ.വൈ-ജനറൽ |

ഓഡിറ്റ് എൻക്വയറി - 06/16-17 /14.9.2017 പ്രകാരം താഴെപ്പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലുംഹാജരാക്കിയില്ല.

- തൻവർഷം ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റുകൾ
- ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച ലിസ്റ്റുകളിൽ എഗ്രിമെന്റ് വെച്ചവരുടെ ലിസ്റ്റ്
- തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം

രേഖകൾ ഹാജരാക്കാത്തതിനാൽ 8,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 ആയുർവേദ മരുന്ന് വാങ്ങൽ - മരുന്ന് ലഭിക്കാൻ കാലതാമസം

പ്രോജക്ട് വിവരം ചുവടെ ചേർക്കുന്നു.

a)

| | |
|---|---|
| പ്രോജക്ട് നം | 181/2017(മരുന്ന് വാങ്ങൽ) |
| അടങ്കൽ | 3,00,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്) |
| ചെലവ് | 3,00,000 രൂപ (ബിൽനമ്പർ – 15/16-17 തീയതി 13.3.17) |
| ഡി ഡി നം | 818889/15.3.17 |

കണ്ണൂർ ആരോഗ്യഫാർമയിൽ നിന്നാണ് മരുന്ന് വാങ്ങിയത്.ആരോഗ്യഫാർമ മരുന്ന് നൽകിയത് താഴെ പറയുന്ന തീയതികളിലാണ്.

| മരുന്ന് ലഭിച്ച തീയതി | മരുന്ന് വില |
|---|---|
| 23.3.17 | 2,28,669 |
| 21.6.17 | 71,331 |

b)

| | |
|---|---|
| പ്രോജക്ട് നം | 95/2017(പട്ടിക വർഗ്ഗക്കാർക്കുള്ള ആരോഗ്യപാക്കേജ്) |
| അടങ്കൽ | 4,34,100 രൂപ (റ്റിഎസ് പി ) |
| ചെലവ് | 3,34,100 രൂപ (ബിൽ നമ്പർ – 3/16-17തീയതി 19.10.16) |
| ഡി ഡി നം | 818817/21.10.16 |

ഔഷധിയിൽ നിന്നാണ് മരുന്ന് വാങ്ങിയത്.ഔഷധി മരുന്ന് നൽകിയത് താഴെ പറയുന്ന തീയതികളിലാണ്.

| മരുന്ന് ലഭിച്ച തീയതി | മരുന്ന് വില |
|---|---|
| 27.10.16 | 300078 |
| 8.11.16 | 34022 |

c)

| | |
|---|---|
| പ്രോജക്ട് നം | 94/2017(മരുന്ന് വാങ്ങൽ) |
| അടങ്കൽ | 4,00,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ–റോഡ്) |
| ചെലവ് | 4,00,000 രൂപ (ബിൽ നമ്പർ –4/16-17 തീയതി 24.10.16) |

| | |
|---|---|
| ഡി ഡി നം | 818882/24.10.16 |

കണ്ണൂർ ആരോഗ്യഫാർമയിൽ നിന്നാണ് മരുന്ന് വാങ്ങിയത്. ആരോഗ്യഫാർമ മരുന്ന് നൽകിയത് താഴെ പറയുന്ന തീയതികളിലാണ്.

| മരുന്ന് ലഭിച്ച തീയതി | മരുന്ന് വില |
|---|---|
| 20.9.16 | 100000 |
| 13.1.17 | 300000 |

d)

| | |
|---|---|
| പ്രോജക്ട് നം | 199/2017(മരുന്ന് വാങ്ങൽ) |
| അടങ്കൽ | 1,00,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ്) |
| ചെലവ് | 99,500/-(ബിൽ നമ്പർ - 13/16-17 തീയതി 28.2.17) |

ഔഷധിയിൽ നിന്നാണ് മരുന്ന് വാങ്ങിയത്. ഔഷധി മരുന്ന് നൽകിയത് താഴെ പറയുന്ന തീയതികളിലാണ്.

| മരുന്ന് ലഭിച്ച തീയതി | മരുന്ന് വില |
|---|---|
| 24.3.17 | 34585 |
| 30.6.17 | 10903 |
| 3.7.17 | 24398 |
| 3.8.17 | 11995 |
| 1.9.17 | 9903 |

7716/- രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്. മരുന്ന് ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) മേൽ മരുന്ന് വാങ്ങൽ പ്രോജക്ടുകളിൽ ആവശ്യമായ Non availability certificate (ജില്ലാ ആയുർവേദ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭിക്കുന്നത്) ലഭിച്ചത് 16.2.17, 1.6.17 എന്നീ തീയതികളിലാണ്. project no 94/17, 95/17,199/17 എന്നിവയിൽ മരുന്ന് വാങ്ങിയതിന് ശേഷമാണ് Non availability certificate വാങ്ങിയത്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അവശേഷിക്കുന്ന തുകയ്ക്ക് മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 ഹോംകോയിൽ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം

| | |
|---|---|
| പ്രോജക്ട് നമ്പർ | 73/17 |
| പ്രോജക്ട് | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവഹണം | മെഡിക്കൽ ഓഫീസർ |
| അടങ്കൽ | 50,000/- |

2016-17 വർഷം ഹോംകോയിൽ നിന്നും ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി 50,000/- രൂപ ട്രഷറിയിൽ നിന്നും ട്രഷറി ബിൽനമ്പർ-1/16-17/17.2.17 പ്രകാരം പിൻവലിച്ച് NEFT മുഖേന മാനേജിംഗ് ഡയറക്ടർ, ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും

മരുന്നുകൾ ലഭ്യമായിട്ടില്ല. ഓഡിറ്റ് എൻക്വയറി - 05/16-17 / 14.9.2017 പ്രകാരം വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കും വരെ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മരുന്ന് ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി , നടപ്പിലാക്കിയ പദ്ധതികളിൽ മരുന്നു വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ തുക മുൻകൂറായി നല്കി. മുഴുവൻ തുകയ്ക്കും മരുന്ന് ലഭിച്ചിട്ടില്ല.

1.പെയിൻ ആന്റ് പാലിയേറ്റീവ് ( S0088/17) പദ്ധതിയിൽ വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും 1,25,000/-രൂപ ബിൽ നമ്പർ 6/16-17 /28.2.17 പ്രകാരം പിൻവലിച്ചു. പ്രസ്തുത തുകയിൽ നിന്നും 92,000/- രൂപ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നല്കി (ഡി.ഡി. നം. 770716/3.3.17) (പ്രഫോർമ ഇൻവോയ്സ് നം. 2729/21.2.17). പ്രസ്തുത സ്ഥാപനത്തിന്റെ താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം 77,029/-രൂപയുടെ മരുന്നുകളേ ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി 14,971/-രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നം./തീയതി | തുക (രൂപ) |
|---|---|---|
| 1. | 1088/16.6.17 | 15379 |
| 2. | 1089/16.6.17 | 55530 |
| 3. | 1332/29.6.17 | 6120 |
| ആകെ | | 77,029 |

2.സ്വാന്തനം പാലിയേറ്റീവ് കെയർ ( S0202/17) പദ്ധതിയിൽ വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്നും 96,110/-രൂപ ബിൽ നമ്പർ 8/16-17 /27.3.17 പ്രകാരം പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നല്കി (പ്രഫോർമ ഇൻവോയ്സ് (നം. 3864/20.3.17). പ്രസ്തുത സ്ഥാപനത്തിന്റെ താഴെപ്പറയുന്ന ഇൻവോയ്സ് പ്രകാരം 42,807/-രൂപയുടെ മരുന്നുകളേ ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി 53,193/-രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നം./തീയതി | തുക (രൂപ) |
|---|---|---|
| 1. | 1333/29.6.17 | 42807 |
| ആകെ | | 42807 |

രണ്ടു പദ്ധതികളിലുമായി ആകെ 68,164/- രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്. മരുന്ന് ലഭ്യമാക്കാൻ തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം അറിയിക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ - 13/15.9.17 ലൂടെ ആവശ്യപ്പെട്ടതിന് മറുപടിയായി മരുന്ന് ലഭ്യമാക്കാൻ സ്ഥാപനത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭിക്കുന്നതുവരെ 68,164/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കാൻ തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-13 പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിന് ഒരേ പദ്ധതിയിൽ രണ്ടു നിരക്കിൽ കടത്തുകൂലി നല്കി

നിർവ്വഹണ ഉദ്യോഗസ്ഥ – കൃഷി ഓഫീസർ

പച്ചക്കറികൃഷി വികസനം പദ്ധതിയിൽ (S0171/17 )വികസന ഫണ്ട് പൊതുവിഭാഗം സാധാരണ

വിഹിതത്തിൽ നിന്നും 431443 രൂപ പിൻവലിച്ച് താഴെപ്പറയും പ്രകാരം രണ്ടു സ്ഥാപനങ്ങളിൽ നിന്നായി പച്ചക്കറി തൈകൾ വാങ്ങി.

1.ബിൽ നം. 2/16-17 / 9.3.17 - 231,443/- രൂപ

DDNo. 887483 /17.3.17

മാതൃകാ കൃഷി സേവന കേന്ദ്രം, മുട്ടിൽ, കൽപ്പറ്റയുടെ ബിൽ നം. 661/22.2.17 പ്രകാരം 115000 (23000x5) പച്ചക്കറി തൈകൾ തൈ ഒന്നിന് 2/- രൂപാ ക്രമത്തിൽ വാങ്ങിയതിന് 2,30,000/- രൂപയും പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിന് കടത്തുകൂലിയായി ബിൽ നം 667/22.2.17 പ്രകാരം 1,443/- രൂപയും നല്കി.

2.ബിൽ നം.3/16-17 / 9.3.17 - 2,00,000 /- രൂപ

DDNo. 887483 /17.3.17

റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച സ്റ്റേഷൻ അമ്പലവയിന്റെ പ്രഫോർമ ഇൻവോയ്സ് 14/16-17 /20.2.17-പ്രകാരം 75000 (15000x5)പച്ചക്കറി തൈകൾ തൈ ഒന്നിന് 2/- രൂപാ ക്രമത്തിൽ വാങ്ങിയതിന് 1,50,000/- രൂപയും പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിന് കടത്തുകൂലിയായി 50,000/- രൂപയും ഉൾപ്പെടെ 2,00,000/- രൂപയും നല്കി. ഒരേ പദ്ധതിയിൽ രണ്ടു നിരക്കിൽ (രണ്ടാമിനത്തിൽ കൂടുതൽ) കടത്തുകൂലി നല്കിയതിന് വിശദീകരണമാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷത്തിന് (14/ 16.9.17)പച്ചക്കറി കൃഷിവികസനം പദ്ധതിയിൽ മുഴുവൻ തൈകളും മുട്ടിൽ അഗ്രോ സർവീസ് സെന്ററിൽ ലഭ്യമല്ലാതിരുന്നതിനാ ലാണ് ബാക്കി അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിന്നും വാങ്ങിയതെന്നാണ്അറിയിച്ചത്. കാർഷിക ഗവേഷണ കേന്ദ്രം അമ്പലവയിന്റെ തൈകൾ വിതരണം ചെയ്തതായുള്ള ഇൻവോയ്സിന്റെ (നം.14.16-17/20.2.17) പകർപ്പ് ഹാജരാക്കിയതിൽ 90,000/- (15000X6) തൈകളുടെ വിലയായി 1,80,000/- രൂപയും, തൈകളുടെ കടത്തുകൂലിയായി 20,000/- രൂപയും ഉൾപ്പെടെ 2,00,000/- രൂപയാണ് ആകെ തുക. മാതൃകാ കൃഷി സേവനകേന്ദ്രം, മുട്ടിൽ, കല്പ്പറ്റയ്ക്ക് 115000 തൈകൾ വിതരണം ചെയ്തതിന് കടത്തുകൂലിയായി 1,443/- രൂപയും, കാർഷിക ഗവേഷണ കേന്ദ്രം അമ്പലവയിന് 90,000/- തൈകൾ വിതരണം ചെയ്തതിന് കടത്തുകൂലിയായി 20,000/- രൂപയുമാണ് നല്കിയിരിക്കുന്നത്. ആവശ്യകത കണക്കാക്കി മുൻകൂട്ടി ലഭ്യത ഉറപ്പവരുത്താതെ തൈകൾ വാങ്ങിയതുമൂലമാണ് കാർഷിക ഗവേഷണ കേന്ദ്രം അമ്പലവയലിന് കടത്തുകൂലിയിനത്തിൽ അധികം തുക നൽകേണ്ടിവന്നത്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 പദ്ധതിയിൽ തുക വകയിരുത്താതെ കേന്ദ്ര വിഹിതം ചെലവഴിച്ചു

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ അനുപൂരകപോഷകാഹാരം പദ്ധതിയിൽ (S0085/17) വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം 26,95,018/- രൂപയാണ് വകയിരുത്തിയിരുന്നത്. കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ല. എന്നാൽ കേന്ദ്രവിഹിതം 4,08,010/- ചെലവഴിച്ചിട്ടുണ്ട് (ചെക്ക് നം. 58959/21.5.2016) പദ്ധതി പുതുക്കി അംഗീകാരം വാങ്ങിയിട്ടില്ല. പദ്ധതി പുതുക്കി അംഗീകാരം വാങ്ങിയിരുന്നുവോയെന്ന വിവരം ആരാഞ്ഞു നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ 3/13.9.17) മറുപടിയിൽ 2016-17 സാമ്പത്തിക വർഷം പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം തുടർന്നത് ആഗസ്റ്റ് മാസമായിരുന്നുവെന്നും കുടുംബശ്രീ ന്യൂട്രിമികസിന്റെ വില നല്കുവാനാണ് 15-16 കേന്ദ്ര വിഹിതം നല്കിയതെന്നും പ്രസ്തുത തുക 16-17 ലെ പ്രോജക്ടിൽ ഉൾപ്പെടുത്തണമെന്ന് അറിയില്ലായിരുന്നുവെന്നുമാണ് അറിയിച്ചത്. എന്നാൽ 16-17 ലാണ് കേന്ദ്ര വിഹിതം വാങ്ങിയത്. ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വാങ്ങിയ ഇനം | വാങ്ങിയഇനത്തിന്റെ ഇൻവോയ്സ് നമ്പർ/ വൗച്ചർ നമ്പർ | തുക | തുക നല്കിയതിന്റെ ഡി.ഡി.നംപർ / കൈപ്പറ്റ് രസീത് നമ്പർ |
|---|---|---|---|
| അമൃതം ന്യൂട്രിമിക്സ് 2064.5 കി.ഗ്രാം | 49/16/ 26.4.16 | 115612 | കൈപ്പറ്റ് രസീത് നമ്പർ ഉണ്ട്. ഡി.ഡി.നമ്പർ ലഭ്യമല്ല. |

| | | | |
|---|---|---|---|
| ചെറുപയർ, ശർക്കര, വെളിച്ചെണ്ണ 5662 കി.ഗ്രാം | 1099/20.4.16 | 279105 | ഡി.ഡി.നമ്പർ 773714/ 23.5.16 |
| കടത്തുകൂലി (5662 കി.ഗ്രാം)5662 kg x1.549 | വൗച്ചർ9.5.16 | 8776 | ഡി.ഡി.നമ്പർ773715/23.5.16 |
| കടത്തുകൂലി (അമൃതം ന്യൂട്രി മിക്സ് 2064.5കി.ഗ്രാം<br>അരി 850 കി.ഗ്രാം)(2064.5 + 850)x1.5499 | വൗച്ചർ 9.5.16 | 4517 | |
| ആകെ | | 408010 | |

പദ്ധതി പുതുക്കി അംഗീകാരം വാങ്ങാതെ കേന്ദ്രവിഹിതം ചെലവഴിച്ചതിന് നല്കിയ വിശദീകരണം തൃപ്തികരമല്ല.

സ.ഉ. (സാധാ) നം. 2630/2016 തസ്വഭവ 7.9.16 ഉത്തരവിൽ തുടർ സ്കീം ആയതിനാലും അംഗനവാടിയിലെ കുട്ടികൾക്ക് അടുത്ത മൂന്നു മാസത്തേയ്ക്കുള്ള ഭക്ഷണവിതരണത്തിനുള്ള പദ്ധതിയായതിനാലും ഡിപിസി അംഗീകാരമില്ലാതെ തുക ചെലവഴിക്കുന്നതിന് അനുമതിയുണ്ടെങ്കിലും, ചെലവഴിച്ച വിഹിതം ഉൾപ്പെടുത്തി പദ്ധതി അംഗീകാരം വാങ്ങേണ്ടതാണ്. ആയതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച കേന്ദ്രവിഹിതം 4,08,010/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-15 സമ്പൂർണ്ണ ഭവന പദ്ധതി- വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചില്ല

പഞ്ചായത്ത് 2015-16' വർഷം വൈത്തിരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 2 കോടി രൂപ വായ്പയെടുക്കുകയും അതുപയോഗിച്ച് 170 ഗുണഭോക്താക്കൾക്കായി 'സമ്പൂർണ്ണ ഭവന പദ്ധതി 2015-16' നടപ്പാക്കുകയുണ്ടായി. ഓഡിറ്റിനായി ഹാജരാക്കിയ രേഖകളിൽ നിന്നും നിരവധി വീടുകൾ പൂർത്തീകരിക്കാത്തതായി കാണുന്നു.

| ക്രമ നം. | വീടിന്റെ നിലവിലെ സ്റ്റേജ് | ഗുണഭോക്താക്കളുടെ എണ്ണം. | ഒരാൾ ആകെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | പൂർത്തീകരിച്ചു | 117 | 150000 |
| 2 | മേൽക്കൂര പൂർത്തീകരിച്ചു | 21 | 135000 |
| 3 | ചുമർ പൂർത്തീകരിച്ചു | 9 | 105000 |
| 4 | തറ പൂർത്തീകരിച്ചു | 10 | 60000 |
| 5 | (മുൻകൂർ കൈപ്പറ്റി) - | 13 | 15000 |
| | ആകെ | 170 | |

വി.ഇ.ഒ. യുടെ പേരിൽ പൊഴുതന സർവ്വീസ് കോ - ഓപ്പറേറ്റീവ് ബാങ്ക് 7473 നം. അക്കൗണ്ടിൽ 23,500,500/- രൂപ ലോൺ വരവും, പലിശ 42,102/- രൂപയും ഉൾപ്പെടെ ആകെ വരവ് 2,35,42,602/- രൂപയും പണി പൂർത്തീകരിച്ച ഒരു ഗുണഭോക്താവിന് 5,000/- രൂപ നല്കുവാനുള്ളത് കഴിച്ച് ആകെ ചെലവ് 2,21,20,000/- രൂപയുമാണ്. 14,22,602/- രൂപ 19.9.2017 ൽ നീക്കിയിരിപ്പുണ്ട്. മേൽ ലിസ്റ്റിൽ നിന്നും 53 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. സ്റ്റേറ്റ്മെന്റിലെ ക്രമ നം 4,5 എന്നിവയിൽ പരാമർശിക്കുന്ന ഗുണഭോക്താക്കൾ വീട് നിർമ്മാണം കരാർ കാലയളവിൽ പൂർത്തീകരിക്കാൻ കാര്യമായ നടപടി സ്വീകരിച്ചതായി കാണുന്നില്ല. വീടുകൾ പൂർത്തീകരിക്കാത്ത സംഗതിയിൽ സ്വീകരിച്ച നടപടികൾ

വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/19.9.2017) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ 4,5എന്നിവയിലെ ഗുണഭോക്താക്കൾക്ക് 20.7.17ന് നോട്ടീസ് അയച്ചിട്ടുണ്ടെന്നും, കാര്യമായ പുരോഗതി കാണാത്തപക്ഷം നിർമ്മാണം പൂർത്തീകരിക്കാത്തവരിൽ നിന്നും കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നടപടി പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-16 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തം

ഗ്രാമപഞ്ചായത്തിൽ 34 അങ്കണവാടികളുള്ളതിൽ 21 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. 112-ാം നമ്പർ അംഗനവാടി സ്കൂൾ കെട്ടിടത്തിലും, രണ്ടെണ്ണം വാടക രഹിത പൊതുകെട്ടിടത്തിലും, ആറെണ്ണം എസ്റ്റേറ്റ് പാഡിയിലും, 4 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. 9 എണ്ണത്തിനേ ചുറ്റു മതിലുള്ളൂ. 3 എണ്ണത്തിലേ വൈദ്യുതി കണക്ഷൻ ഉള്ളൂ. 21 എണ്ണത്തിലേ സ്വന്തമായി കുടിവെള്ള സൗകര്യമുള്ളൂ. സ്വന്തമായി ടോയിലറ്റ് സൗകര്യം 34 എണ്ണത്തിനുമുണ്ട്.

വാർഷിക ധനകാര്യ പത്രിക ബി-4 ഷെഡ്യൂൾ പ്രകാരം ICDS കേന്ദ്ര വിഹിതം 16,12,928/- രൂപ നീക്കിയിരിപ്പുണ്ട്. 3.9.2010 സ.ഉ.നം.39033/ഡിസി2/2010 തസ്വഭവയിൽ പൂരകപോഷകാഹാരത്തിൽ ചെലവഴിക്കാത്ത കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളുടെ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് പറയുന്നുണ്ട്. കേന്ദ്ര വിഹിതമിനത്തിൽ നീക്കിയിരിപ്പുള്ള തുക വിനിയോഗിച്ച് ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനമായ അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്/ നം. | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 1,33,980/- | എസ്.ടി.വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം | 54,992/- | 78,988/- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ / ചെക്ക് നം. | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KSEB വൈത്തിരി പ്രോജക്റ്റ് നം. 224/17 | മീഞ്ചാൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ഡിഡി നം. 887515/ 21.04.17 | 16196 | 16196 | പൂർത്തീകരിച്ചു | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ1,50,000/- രൂപ വരവുണ്ട്. ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ വായ്പ/വായക്കപാ തിരിച്ചടവ് എന്നിയവുടെ വിവരങ്ങൾ കൃത്യമാണോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. തന്നിരിക്കുന്ന രേഖകൾ പ്രകാരം ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവന നിർമ്മാണം | 65332/D/ B1/14 തസ്വഭവ തീയതി 15.11.14 | 21,51,00,000 | 1,81,90,000 | 37,15,068 | 6,00,000 | 44,74,932 |

വാർഷിക ധനകാര്യപത്രിക പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള ലോൺ (മുതൽ) തുക 82,74,932/- രൂപയാണ്. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക | തുക | തുക ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|
| 2008-09 | 3-7 | 7666 | ശ്രീ. അഭിലാഷ്. അസിസ്റ്റന്റ് എൻജിനീയർ | 11601100543 / 28.5.2016 |
| 2008-09 | 3-4 | 1520 | ശ്രീ. അബ്ദുൾ റഷീദ്, സെക്രട്ടറി | 11601100544 / 28.5.2016 |
| 2008-09 | 3-4 | 1300 | ശ്രീ.പി.സി. നന്ദ ഗോപാൽ, ക്ലർക്ക് | 1160110065 /31.05.16 |
| 2008-09 | 3-4 | 779 | ശ്രീമതി. ഇന്ദിര,സീനിയർ ക്ലർക്ക് | 11601100649/09.06.2016 |
| 2008-09 | 3-4 | 950 | ശ്രീ.എം.പി ഷാനവാസ്, ജെ.എസ് | 11601500007 /28.07.2016 |
| 2008-09 | 3-4 | 910 | ശ്രീമതി. എം.ജി. സുധ, ക്ലർക്ക് | 11601100937 / 06.08.2016 |

| | | | | |
|---|---|---|---|---|
| 2008-09 | 3-4 | 650 | ശ്രീ. സദാനന്ദൻ, സീനിയർ ക്ലർക്ക് | 11601101173 /23.09.16 |
| 2008-09 | 3-4 | 1300 | ശ്രീ. ബിനീഷ് ബാബു, ക്ലർക്ക് | 11601101552 /17.11.2016 |
| 2008-09 | 3-4 | 613 | ശ്രീമതി. സരള. കെ<br>സീനിയർ ക്ലർക്ക് | 11601103003 /04.03.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,80,31,422/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,55,24,334/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 6988/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 17,578/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 34,48,417/- |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 1,585/- | | ശ്രീ. പ്രദീപൻ സി. പി. , സെക്രട്ടറി |
| 2-6 | 5,403/- | | ശ്രീ. പ്രദീപൻ സി. പി. , സെക്രട്ടറി |
| 3-4 | | 17,578/- | ശ്രീ.അബ്ദുൾ നാസർ,അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 2,75,082/- | ശ്രീ.അബ്ദുൾ നാസർ,അസി. എഞ്ചിനീയർ |
| 3-7 | 6,47,161 | ശ്രീ. ശ്രീനാഥ്, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 3-8 | 12,00,000 | ശ്രീ. ശ്രീനാഥ്, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 3-9 | 8,00,000 | ശ്രീ. പ്രദീപൻ സി. പി. , സെക്രട്ടറി |
| 3-11 | 50,000 | ഡോ.അഷിത എ.കെ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-12 | 68,164 | ഡോ. സുഷമ പി.എസ്, മെഡിക്കൽ ഓഫീസർ, പിഎച്ച്സി |
| 3-14 | 4,08,010 | ശ്രീമതി. ബാവ. പി.കെ ഐസിഡിഎസ് സൂപ്പർവൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പ്രദീപൻ.സി.പി. | സെക്രട്ടറി,<br>പൊഴുതന ഗ്രാമപഞ്ചായത്ത് | ജവഹർ നവോദയ ക്വാട്ടേഴ്സ്,<br>വൈത്തിരി, ലക്കിടി,<br>വയനാട് |
| ശ്രീ.അബ്ദുൾ നാസർ | അസി. എഞ്ചിനീയർ,<br>പൊഴുതന ഗ്രാമപഞ്ചായത്ത് | തുർക്കി ഹൗസ്,<br>പിണങ്ങോട് |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-00 | LF(W)P1-58/10,dt.11.1.10 |
| 2000-01 | LF(W)P1-58/10,dt.11.1.10 |
| 2001-02(പ്ലാൻ) | LF(W)P1-58/10,dt.11.1.10 |
| 2001-02 | LF(W)P1-442/05. dt. 26.2.08 |
| 2002-03 | LF(W)P1-58/10,dt.11.1.10 |
| 2003-04 | LF(W)P1-58/10,dt.11.1.10 |
| 2004-05 | LF(W)P1-58/10,dt.11.1.10 |
| 2005-06 | LF(W)P1-58/10,dt.11.1.10 |
| 2006 -07 | LF(W) P1-570/10 dt.8.3.11 |
| 2007-08 | Lf(W) P1-581/10dt. 8.3.11 |
| 2008-09 | LF(W)P1-587/11 dt.11.2.11 |
| 2009-10 | LF(W)P1-16/12 dt. 8.5.2012. |
| 2010-11 | LF(W) P1-904/12 Dt.17.1.13 |
| 2011-12 | LF(F)P1-763/13 dt. 18.12.14 |

| | |
|---|---|
| 2012-13 | LF(F)P1/101/15 dt. 30.6.15 |
| 2013-14 | LF(F)P1/ 122/16 dt. 30.03.2016 |
| 2014-15 | KSAWYDP1-471/16/DT : 25.7.2016 |
| 2015-16 | KSAWYDP1- 16/2017 dtd 16.01.2017 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

# 1

## സാക്ഷ്യപത്രം

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)പി.1/606/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം വയനാട്,
കൽപ്പറ്റ. പിൻ -673121
തീയതി : 11.10.2017

Phone- 04936 203672.

Email- dowyd.ksad@kerala.gov.in

### സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽഫണ്ട് വകുപ്പ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളിൽ ഒഴികെ എന്റെ അഭിപ്രായത്തിൽ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

AUDIT CERTIFICATE

No. KSA.(WYD)P1-/606/2017

Kerala State Audit Department

District Audit Office Wayanad,
Kalpetta-673121

Phone: 04936-203672

Dated-11.10.2017

Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have examined the Annual Financial Statement of Pozhuthana Grama Panchayath in Wayanad District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj institutions

In my opinion, the financial statements of Pozhuthana Gramapanchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director
Kerala Stat Audit Department
District office, Wayanad.